(iii) വിഭവ സമാഹരണത്തിനും ചെലവ് ചുരക്കലിനും പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ സാമ്പത്തിക കാര്യ നിർവ്വഹണത്തിന് ആവശ്യമായ നടപടികൾ നിർദ്ദേശിക്കുക.

(iv) തദ്ദേശ ഭരണ സ്ഥാപനങ്ങൾ സർക്കാരിലേക്കും സർക്കാർ ഏജൻസികളിലേക്കും അതുപോലെ സർക്കാരും സർക്കാർ ഏജൻസികളും തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്കും നൽകേണ്ടതായ വിവിധ ബാദ്ധ്യതകളുടെ തീർപ്പാക്കൽ.

(v) തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്കുള്ള ധനവിനിർഗ്ഗമനം സുഗമമാക്കലും ശരിയായ സാമ്പത്തിക ഉത്തരവാദിത്തം ഉറപ്പാക്കലും.

(vi) ബഡ്ജറ്റിംഗ്, അക്കൗണ്ടിംഗ്, ആഡിറ്റിംഗ് വ്യവസ്ഥകളും നടപടിക്രമങ്ങളും.

(vii) ഉയർന്ന ധനസമാഹരണത്തിനും കാര്യക്ഷമമായ വിഭവ വിനിയോഗത്തിനുമുള്ള പ്രോൽസാഹനം.

(viii) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നികുതി സംബന്ധമായ കാര്യങ്ങളുടെ നിർവ്വഹണം നിരീക്ഷിക്കുന്നതിനുള്ള സമ്പ്രദായങ്ങളും നടപടിക്രമങ്ങളും.

(ix) തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നികുതി സംബന്ധമായ പ്രത്യേക ഉത്തരവാദിത്തങ്ങൾ നൽകുക.

(സി) പഞ്ചായത്തുകളിലേക്കും മുനിസിപ്പാലിറ്റികളിലേക്കും ഇതിനകം കൈമാറ്റം ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽ പ്രവൃത്തിയെടുക്കുന്ന ജീവനക്കാരുടെ ശമ്പളവും അലവൻസുകളും നൽകുന്നതിനു വേണ്ടി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യേണ്ട ബജറ്റ് വിഹിതവും അതിനുവേണ്ട മാനദണ്ഡങ്ങളും നിർദ്ദേശിക്കുക.

(ഡി) ഉണ്ട്.

തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽനിന്നും മത്സ്യത്തൊഴിലാളികളെ ഒഴിവാക്കാൻ നടപടി

*5 [417] ശ്രീ. സി. മമ്മൂട്ടി :
,, യു. സി. രാമൻ :
,, പി. കെ. കെ. ബാവ :
,, കളത്തിൽ അബ്ദുള്ള :
,, പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽനിന്നും മത്സ്യത്തൊഴിലാളികളെ ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച സർക്കാർ തീരുമാനം എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ):

(എ) തീരദേശ നിയമപ്രകാരം പഞ്ചായത്തിൽ വേലിയേറ്റ രേഖയിൽനിന്നും 200 മീറ്റർ പരിധിക്ക് വെളിയിൽ പാരമ്പര്യമായി നിവസിക്കുന്ന തദ്ദേശ വാസികൾക്ക് വീട് വയ്ക്കാൻ നിബന്ധനകൾക്ക് വിധേയമായി അംഗീകാരം നൽകുന്നുണ്ട്. ഇതിനു പുറമെ 200 മീറ്ററിനകത്തു താമസിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അവരുടെ വീട് പുതുക്കിപ്പണിയുന്നതിന് ചില നിബന്ധനകൾക്ക് വിധേയമായി അംഗീകാരം നല്കുന്നുണ്ട്.

(ബി) തീരദേശ പരിപാലന നിയമം കേന്ദ്ര ഗവൺമെന്റിന്റെ 19 ഫെബ്രുവരി 1991-ൽ പുറപ്പെടുവിച്ച സി. ആർ. ഇസഡ്. നോട്ടിഫിക്കേഷൻ പ്രകാരമാണ് നിലവിൽ വന്നത്. ഇതു പ്രകാരം കടലോരങ്ങളും കായലുകളുടെ തീരങ്ങളും സംരക്ഷിക്കുക എന്ന വ്യക്തമായ ഉദ്ദേശ്യ ലക്ഷ്യമാണുള്ളത്. മത്സ്യത്തൊഴിലാളികൾക്ക് അവരുടെ തൊഴിൽ സംബന്ധമായ പ്രവർത്തനങ്ങൾക്ക് അവശ്യം വേണ്ട സ്ഥലങ്ങൾ ലഭ്യമാക്കാനും ഈ നിയമം സഹായിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഈ നിയമം മത്സ്യത്തൊഴിലാളികളുടെ പ്രവർത്തനത്തേയും തൊഴിലിനേയും സഹായിക്കത്തക്കവിധമാണ് ഉണ്ടാക്കിയിരിക്കുന്നത്.

കേരള എക്സ്പ്രസ്സ് ചണ്ഡീഗഢ് വരെ നീട്ടാനുള്ള തീരുമാനം

*6 [418] ശ്രീ. കെ. നാരായണക്കുറുപ്പ്:
,, തോമസ് ചാഴികാടൻ:
,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള എക്സ്പ്രസ്സ് ചണ്ഡീഗഢ് വരെ ദീർഘിപ്പിക്കാനുള്ള തീരുമാനം ഡൽഹി മലയാളികളെ ദോഷകരമായി ബാധിക്കുമെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) ഡൽഹി യാത്രയ്ക്ക് ഇപ്പോൾ തന്നെ ആവശ്യമായ ട്രെയിൻ സൗകര്യം ലഭ്യമല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ട്രെയിൻ ചണ്ഡിഗഢ് വരെ ദീർഘിപ്പിക്കാനുള്ള തിരുമാനം റദ്ദാക്കുകയോ കൂടുതൽ കോച്ചുകൾ ഘടിപ്പിക്കുകയോ ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ,

LIBRARY ARCHIVES Kerala Legislative Assembly